**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.133** **30.09.2016 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ഭേദഗതി**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.പി. ഉണ്ണി<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ; | (എ) | നിർദ്ദിഷ്ട മോട്ടോർ വാഹനനിയമ ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:<br>(1) 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 9(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമഭേദഗതിയിലെ ഉപവാക്യം 5(iii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിനുള്ള അധികാരം എടുത്ത് കളഞ്ഞിട്ടുണ്ട്.<br>(2) 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2)(ബി) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 9(ii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് ഹോൾഡറുടെ വയസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും.<br>(3) നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് കാലാവധി കഴിഞ്ഞ ലൈസൻസ്, കാലവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 10(iii) (ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി 6 മാസമായി കുറച്ചിരിക്കുകയാണ്.<br>(4) 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 41(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 18 അനുസരിച്ച് പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി വാഹനം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല.<br>(5). 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(i) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 01-10-2018 മുതൽ വാഹനം ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ ടെസ്റ്റ് ചെയ്യിട്ടില്ലെങ്കിൽ അത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതല്ല .<br>(6).1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമഭേദഗതിയിലെ ഉപവാക്യം 22(iii) (ബി) പ്രകാരംഅവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം വാഹനത്തിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതിന് നിർദ്ദിഷ്ട അതോറിറ്റിക്ക് ,വാഹന ഉടമതെരഞ്ഞെടുത്തിട്ടുള്ള ഓതറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ നിന്നുമുള്ള കൺഫർമേഷൻ ആവശ്യമാണ്.<br>(7) 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 164(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 49 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം വാഹനാപകടത്തിൽ മാരകമായി പരിക്കേറ്റ ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും |

| | | | |
|---|---|---|---|
| | | | കുറഞ്ഞ നഷ്ടപരിഹാരം 5 ലക്ഷം രൂപയും, വാഹനാപകടത്തിൽ മരണപ്പെട്ട ഒരു വ്യക്തിക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ നഷ്ടപരിഹാരം 10 ലക്ഷം രൂപയുമാണ്.<br>(8). 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 215 എ (1)ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 89 പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം കേന്ദ്ര സർക്കാരിലും, സംസ്ഥാന സർക്കാരിലും നിർദ്ദിഷ്ട നിയമപ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഏത് അധികാരവും സർക്കാർ നിശ്ചയിക്കുന്ന ഏതൊരു വ്യക്തിയേയോ, വ്യക്തി സമൂഹത്തിനെയോ ഏല്പിക്കാവുന്നതാണ്. |
| (ബി) | നിർദിഷ്ട ഭേദഗതി നിയമമായാൽ ഓട്ടോറിക്ഷകളെയും വൻകിട ടാക്സി സർവ്വീസുകൾ ഒഴികെയുള്ള ടാക്സി സർവ്വീസുകളെയും ദോഷകരമായി ബാധിക്കുമെന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് ഈ നീക്കത്തിൽ നിന്ന് പിൻതിരിയാൻ ആവശ്യപ്പെടുമോ; | (ബി) | പുതിയ നിയമ പരിഷ്കാരങ്ങളിൽ, സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുമാത്രമേ നിയമനിർമ്മാണം നടത്താൻ പാടുള്ളുവെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | നിയമ ഭേദഗതി വഴി സംസ്ഥാനങ്ങൾക്ക് നിലവിലുള്ള അധികാരങ്ങളിൽ മാറ്റം വരാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | മാറ്റം വരാൻ ഇടയുണ്ട്. |

**സെക്ഷൻ ഓഫീസർ**